# കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കുവിൻ

സുഭാഷിതങ്ങൾ 3:5




## വിചിന്തനം – ജൂലൈ 2020

ദൈവത്തിലുള്ള പരമമായ വിശ്വാസം അതായിരുന്നില്ലേ യേശുവിന്റെ ജീവിതത്തിന്റെ മുഖമുദ്ര!. കൊടുങ്കാറ്റിൽ ആടിയുലയുന്ന വഞ്ചിയിൽ, അമരത്ത് ശാന്തനായി ഉറങ്ങുന്ന യേശുവിൽ ദൃശ്യമാകുന്നത് തന്റെ പിതാവിലുള്ള പരമവും സുദൃഢവുമായ വിശ്വാസംതന്നെ. ഭയചകിതരായി യേശുവിനെ വിളിച്ചുണർത്തുന്ന ശിഷ്യർ പിന്നീട് ആ സംഭവം അനുസ്മരിക്കുമ്പോൾ ആദ്യം ഓർക്കുന്നതു് എന്തായിരിക്കും? അവന്റെ ശാസനയിൽ പ്രശാന്തമാകുന്ന പ്രക്ഷുബ്ധമായ കടലോ? അതോ, "നിങ്ങൾ ഭയപ്പെടുന്നതെന്ത്, നിങ്ങൾക്കു വിശ്വാസമില്ലേ?" എന്ന ശാന്തമെങ്കിലും തുളച്ചുകയറുന്ന അവന്റെ വാക്കുകളോ? (മർക്കോസ് 4:40).

സ്വർഗ്ഗീയ വെളിപ്പെടുത്തലുകളുമായി ദൈവം ഒരു വ്യക്തിയുടെ ആത്മാവിനെ ആശ്ലേഷിക്കുമ്പോൾ ആഴങ്ങളിൽനിന്ന് ഉപരിതലത്തിലേക്ക് ഉയരുന്ന നീർക്കുമിളകൾ പോലെ വിശ്വാസം അയാളുടെ ഉള്ളിൽ നിറഞ്ഞുതുടങ്ങുന്നു. ഈ നീർക്കുമിളകളിൽ ഒരു ഉറവയുടെ, നീർച്ചാലിന്റെ, എന്തിന്, ഒരു നദിയുടെ പോലും സാധ്യത ഒളിഞ്ഞിരിപ്പുണ്ട്. ഇതുപോലെതന്നെ നമ്മുടെ വിശ്വാസവും. ദൈവത്തെ വ്യക്തിപരമായി കണ്ടുമുട്ടുന്ന തിരുവചനത്തിൽനിന്നു പോഷണം സ്വീകരിച്ച് നമ്മുടെ വിശ്വാസവും ഔന്നത്യത്തിലേക്ക് ഉയരുന്നു. ഓരോ പരീക്ഷണവും പ്രലോഭനവും, അവ ആദ്യമായി കടന്നുവരുന്നതോ ആവർത്തിച്ചുണ്ടാകുന്നതോ ആണെങ്കിലും പിതാവിന്റെ സ്നേഹത്തിന്റെ നവ്യാനുഭൂതിയുടെ സവിശേഷമായ അവസരമായി മാറുകയാണ്. ഇതു നമ്മുടെ ബുദ്ധിയെയും മനസ്സിനെയും നിരുപാധികം അവിടുത്തേക്കു സമർപ്പിക്കാനുള്ള പ്രേരണയും പ്രചോദനവും നല്കുന്നുമുണ്ട്. ഇതു കൂടാതെ നമ്മുടെ വിശ്വാസം പക്വതയാർജ്ജിക്കുന്നില്ല.

ഒരു ക്രിസ്തുശിഷ്യന്റെ വിശ്വാസം ഒരു കൂട്ടം വിശ്വാസ സമ്പ്രദായങ്ങളിലോ ഏതാനും തത്വസംഹിതകളിലോ അല്ല. അതു സജീവ ദൈവത്തിൽത്തന്നെയാണ്. കാരാഗൃഹത്തിലെ യാതനകൾക്കിടയിലും ദൈവത്തിലുള്ള ഗാഢമായ വിശ്വാസം കാത്തുസൂക്ഷിച്ച പൗലോസ് ശ്ലീഹായുടെ ബോധ്യം കാണുക. «ഞാൻ അതിൽ ലജ്ജിക്കുന്നില്ല. എന്തെന്നാൽ ആരിലാണ് ഞാൻ വിശ്വാസം അർപ്പിച്ചിരിക്കുന്നതെന്ന് എനിക്കറിയാം. എന്നെ ഭരമേല്പിച്ചവയെല്ലാം ആ ദിവസംവരെയും ഭദ്രമായി കാത്തുസൂക്ഷിക്കാൻ അവനു കഴിയുമെന്നും എനിക്കു പൂർണ്ണ ബോധ്യമുണ്ട്» (2തിമോ 1,12). ദമാസ്കസിലേക്കുള്ള യാത്രയിലായിരുന്നല്ലോ ആദ്യമായി അവന്റെ വിശ്വാസദൃഷ്ടികൾ പ്രകാശിതമാവുന്നത്. ഒരു നീർക്കുമിള കരകവിഞ്ഞൊഴുകുന്ന ഒരു നദിയായി പരിണമിക്കുന്നതുപോലെ തുടർന്നുള്ള മുപ്പതു വർഷങ്ങളിലെ പരീക്ഷണങ്ങളും അനുഭവിച്ച ക്ലേശങ്ങളും കൈവരിച്ച വിജയങ്ങളും അവന്റെ വിശ്വാസത്തെ പരിപാകപ്പെടുത്തി. "കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിച്ചു" (സുഭാ 3,5) ജീവിക്കുന്നതിന്, തന്നിൽ വിശ്വസിക്കാൻ ധീരമായി തീരുമാനമെടുത്ത ഓരോരുത്തരെയും ദൈവം ഉണർത്തുന്നുണ്ട്, വി.പൗലോസിനെപ്പോലെതന്നെ.

നാം വിളിക്കപ്പെട്ടിരിക്കുന്നതു് മുഴുവൻ ഹൃദയത്തോടെ അവിടുത്തെ ആശ്രയിക്കാനാണ്. അപ്പോൾ നമ്മെ വ്രണപ്പെടുത്താൻ നോക്കുന്ന ഭയത്തിനും ആശങ്കയ്ക്കുമൊന്നും ഹൃദയത്തിൽ ഇടം ബാക്കിയുണ്ടാവില്ല. മനസ്സിന്റേത് എന്നതിനേക്കാൾ ഹൃദയത്തിന്റെ പ്രവൃത്തിയാണ് ആശ്രയിക്കൽ. ദൈവത്തെ വ്യക്തിപരമായി അടുത്തറിയുന്നതനുസരിച്ച് അവിടുത്തെ ആശ്രയിക്കുന്നതിനുള്ള കൃപയും സ്വാഭാവികമായിത്തന്നെ നമ്മിൽ സമൃദ്ധമാവുന്നു. മുന്നറിയിപ്പു കൂടാതെ കൊടുങ്കാറ്റു നമ്മുടെ ജീവിതത്തിൽ ആഞ്ഞടിക്കുമ്പോൾ നമ്മുടെ ദൈവാശ്രയത്തിന്റെ ഉറപ്പും ഉപരിപ്ലവതയും വെളിപ്പെട്ടുകിട്ടുന്നു. ദൈവത്തിൽ ആശ്രയിക്കാൻ പലർക്കും പല കാരണങ്ങളുണ്ടാവാം. പക്ഷേ അവിടുത്തെ മക്കളായ നാം അവിടുത്തെ ആശ്രയിക്കുന്നത് അവിടുന്ന് നല്ലതു മാത്രം കരുതുകയും നല്കുകയും ചെയ്യുന്ന സ്നേഹപിതാവ് ആയതിനാലാണ്. തന്റെ ഏകജാതനെ ബലിയർപ്പിക്കാനായി മോറിയാ മല കയറുന്ന അബ്രാഹം നടത്തുന്നത് അചഞ്ചലവും സുദൃഢവുമായ ദൈവാശ്രയത്തിന്റെ മലകയറ്റമാണ്. അവിടെ അവൻ ദൈവത്തെ ഒരു പുതിയ മാനത്തിൽ കണ്ടുമുട്ടുന്നു, 'യാഹ്‌വെ യിരെ' – തനിക്കു വേണ്ടതെല്ലാം പ്രദാനം ചെയ്യുന്ന ദൈവം! തൊട്ടുമുമ്പാണ്, മകനെ തിരികെ

ചോദിച്ച് കട്ടത്ത പരീക്ഷണത്തിലൂടെ തന്നെ കടത്തിവിട്ട ദൈവത്തെ മറ്റൊരു മാനത്തിൽ അവൻ കണ്ടത്. മലയിറങ്ങിവരുന്ന അബ്രാഹത്തിന്റെ ഹൃദയത്തിൽനിന്ന് ഉയരുന്ന ദൈവാരാധനയുടെ മധുരഭാവങ്ങൾ നമ്മുടെ എല്ലാ സങ്കല്പങ്ങൾക്കും ഉപരിയാണ്. ഇല്ല, ദൈവത്തിൽ ആശ്രയിക്കുന്നവർ അപമാനിതരാവാൻ അവിടുന്ന് ഒരിക്കലും ഇടവരുത്തുകയില്ല.

"കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക" എന്ന സുഭാ –3,5ലെ വചനത്തിന്റെ ശേഷഭാഗം ഇങ്ങനെയാണ്: "സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്." സമ്പൂർണ്ണ ദൈവാശ്രയത്തിനുള്ള തടസ്സമെന്തെന്ന് ഈ വചനം നമുക്കു പറഞ്ഞുതരുന്നു. മനുഷ്യരെന്നനിലയിൽ സ്വാഭാവികമായും നാം സുരക്ഷിതത്വം തേടുന്നവരാണ്. അനിശ്ചിതത്വങ്ങൾ ജീവിതത്തിന്റെ സന്തോഷം കെടുത്തിക്കളയാറുമുണ്ട്. ജോലി, വിവാഹം, മക്കൾ, ആരോഗ്യം, സമ്പത്ത്, ശുശ്രൂഷ... തുടങ്ങിയ നമ്മുടെ സർവ്വ മേഖലകളിലെയും അനിശ്ചിതത്വം ഞാണിന്മേൽ നടക്കുന്നതുപോലെ നമ്മുടെ മനസ്സിനെ വരിഞ്ഞുമുറുക്കുന്നു. എന്നാൽ സുനിശ്ചിതത്വമോ? ദൈവാശ്രയത്തിനു പകരം സ്വയാശ്രയത്തെ അതു പരിപോഷിപ്പിക്കുന്നില്ലേ? കഴിഞ്ഞ കാലങ്ങളിലെ വാഗ്ദാനലംഘനങ്ങളും വിശ്വാസവഞ്ചനയുമൊക്കെ നമ്മിലേല്പിച്ച പരിക്കുകൾ ഉണ്ടാക്കിയ ഭയവും സംശയവും സമ്പൂർണ്ണ ആശ്രയത്വത്തിന് – അത് ദൈവത്തിലാണെങ്കിൽ പോലും– തടസ്സം സൃഷ്ടിച്ചേക്കാം. പക്ഷേ, ശക്തമായ കൊടുങ്കാറ്റിൽ ജീവിതത്തിന്റെ അടിത്തറപോലും ഇളകുമ്പോൾ ശിഷ്യന്മാരെപ്പോലെ നമ്മളും ഭയപ്പെട്ടുപോകുന്നു. ഗ്രഹണശേഷിയും യുക്തിയുമൊക്കെ ദൈവികദാനമെങ്കിലും നമ്മുടെ വ്യക്തിത്വം യുക്തിയുമായി ചേർന്ന് സ്വന്തം കാലിൽ നില്ക്കാൻ പരിശ്രമിക്കുന്നു. അതിനു പരമോന്നതമായ ദൈവികജ്ഞാനത്തോടു ചേർന്നുനില്ക്കാനാവുന്നില്ല. ജീവിതത്തിൽ എന്തുതന്നെ സംഭവിച്ചാലും നമ്മുടെ ബുദ്ധിയും ഇച്ഛാശക്തിയും സർവ്വത്തിന്റെയും നിയന്താവും ഭരണാധികാരിയുമായ ദൈവത്തിൽ അർപ്പിക്കുന്നതിനും നമ്മുടെ ഹൃദയ കവാടങ്ങൾ അവിടുത്തേക്കായി തുറക്കുന്നതിനും വിശ്വാസത്തിന്റെ കൃപ കൂടിയേ തീരൂ. ഇതിനായി നാം തീക്ഷ്ണതയോടെ പ്രാർത്ഥിക്കേണ്ടതുണ്ട്. ദൈവം നയിക്കുന്നതിന്റെ സുനിശ്ചിതത്വം നിഷേധിക്കപ്പെടുമ്പോഴും അവിടുത്തെ സ്വരം ശ്രവിക്കുന്നതിനായുള്ള കാത്തിരിപ്പ് മൂകതയുടെ ബധിരതയിൽ ആഴുമ്പോഴും ഒന്നു മറക്കാതിരിക്കാം, കാഴ്ചയാലല്ല, വിശ്വാസത്താൽ മുന്നോട്ടുപോകുന്നതിനുള്ള കൃപ അവിടുന്നു നമുക്കു സംലഭ്യമാക്കുന്നുണ്ട്. ജീവിതത്തിലെ പരാജയങ്ങളിലും കൂരിരുട്ടിലും ഇടറിവീഴുമ്പോഴും ദൈവത്തിൽത്തന്നെ ആശ്രയം വയ്ക്കുന്ന ആത്മാവിനെ താങ്ങി നിറുത്തുന്നതിന് അവിടുത്തെ കരുണാർദ്രമായ സ്നേഹം ഓടിയെത്തുകയും ചെയ്യുന്നു.

പച്ചയായ പുൽത്തകിടികളിലൂടെ മാത്രമല്ല, മരണത്തിന്റെ ഇരുൾ നിറഞ്ഞ താഴ്‌വരയിലൂടെയും വിശ്വാസയാത്രയിൽ ദൈവം നമ്മെ നടത്തുന്നു. പക്ഷേ, അവിടുത്തെ മക്കൾ എന്ന നിലയിൽ ഒന്നുറപ്പാണ്, അവിടുന്ന് നമ്മെ കൈവിടുകയോ പരിത്യജിക്കുകയോ ചെയ്യുകയില്ല. പകർച്ചവ്യാധിയോ സാമ്പത്തികത്തകർച്ചയോ ഇന്നു നമ്മെ ബാധിച്ചേക്കാം. നാളെ ഒരുപക്ഷേ നമ്മെ അലട്ടുന്നത് ഉറ്റവരുടെ മരണമോ തീവ്രമായ പ്രലോഭനമോ മറ്റെന്തെങ്കിലുമോ ആയിരിക്കാം. ഇവയിലൂടെയെല്ലാം കടന്നുപോകുമ്പോൾ അവിടുന്നു നമ്മെ ചേർത്തിരുത്തി പഠിപ്പിക്കുന്ന ഒരു കാര്യമുണ്ട്; നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അത്തരം പ്രശ്നങ്ങളിലോ സാഹചര്യങ്ങളിലോ അല്ല, മറിച്ച് അവയെയെല്ലാം നന്മയായി മാറ്റുന്ന അവിടുന്നിൽത്തന്നെയാണ്. അപ്പോൾ ദാവീദിനെപ്പോലെ "ഒരു സൈന്യംതന്നെ എനിക്കെതിരെ പാളയമടിച്ചാലും എന്റെ ഹൃദയം ഭയം അറിയുകയില്ല" എന്ന് നമുക്കും പ്രഖ്യാപിക്കാനാവും. തന്റെ വലത്തുകരത്താൽ നമ്മെ താങ്ങിനിർത്തുന്ന പിതാവായ ദൈവത്തിലുള്ള ദൃഢമായ വിശ്വാസത്തിന്റെ ജീവിതമാവട്ടെ, ജീസസ് യൂത്ത് എന്ന നിലയിൽ നമ്മുടേത്. അവിടെയാണ് നമുക്കെതിരെ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റിനോടും നമുക്കു ഘോഷിക്കാനാവുക, "നിനക്ക് എന്നെ തകർക്കാനാവില്ല, ശക്തനായവൻ– യേശു – ജീവിതവഞ്ചിയിൽ എന്നോടൊപ്പമുണ്ട്."

**വിശുദ്ധന്റെ മൊഴി:** "ദൈവത്തിലുള്ള സമ്പൂർണ്ണ വിശ്വാസത്താൽ ഹൃദയങ്ങൾ വിശാലമാക്കിയവർ പരിപൂർണ്ണതയുടെ പാതയിൽ അതിവേഗം ചരിക്കുന്നു. അവർ ഓടുകയല്ല, പറക്കുകയാണ്. തങ്ങളുടെ മുഴുവൻ പ്രത്യാശയും കർത്താവിൽ അർപ്പിച്ച അവർ മുമ്പത്തേതുപോലെ ദുർബ്ബലരല്ല. അവനിൽ ആശ്രയിക്കുന്ന ഏവർക്കും ലഭ്യമാക്കുന്ന ദൈവത്തിന്റെ ശക്തിയാൽ അവർ ശക്തരാക്കപ്പെടുന്നു".

– വിശുദ്ധ അൽഫോൻസ് ലിഗോരി.